ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഇല്ല.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) എല്ലാ കോളനി നിവാസികൾക്കും അടുത്ത വർഷം വീടു നൽകാൻ സാദ്ധ്യമാവുകയില്ല. വിദ്യുച്ഛക്തിയും ശുദ്ധജലവും ജനറൽ സെക്ടർ സ്കീമിൽ (മറ്റു ഡിപ്പാർട്ടുമെൻറുകളുടെ പത്തു ശതമാനം വിഹിതത്തിൽ) പെടുത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

ചാരായ വിതരണം

*280 [296] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സ്റ്റോറിന് ആവശ്യമുള്ള ചാരായം വിതരണം നടത്തിയതാരാണ്; ഒരു വർഷം സ്റ്റോറിന് ആവശ്യമുള്ള ചാരായം എത്രയാണ്;

(ബി) വരുന്ന വർഷം എന്തടിസ്ഥാനത്തിലാണ് ചാരായം വിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ വിതരണ മാറ്റം കൊണ്ട് ഗവൺമെൻറിന് ഉണ്ടാകുന്ന ലാഭമെന്താണ്; ഇക്കാര്യത്തെ പറ്റി പത്രത്തിൽ വന്ന പരാതികൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനെ സംബന്ധിച്ച് ഗവൺമെൻറിൻെറ അഭിപ്രായം എന്താണ്?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) 1978-1979 സാമ്പത്തിക വർഷത്തേക്ക് സ്റ്റോറിൽ ചാരായം വിതരണം നടത്തിയത് ട്രാവൻകൂർ ഷുഗേഴ്സ് ആൻറ് കെമിക്കൽസ്, തിരുവല്ലാ, മന്നം ഷുഗർ മിൽസ്, പന്തളം, ചിറ്റൂർ കോപ്പറേറ്റീവ് ഷുഗർ മിൽസ്, പാലക്കാട് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ്. 1978 ഏപ്രിൽ ഒന്നു മുതൽ 1979 ജനുവരി മുപ്പത്തിഒന്നു വരെ സ്റ്റോറിൽ 1കോടി 16ലക്ഷത്തി 68ആയിരത്തി ഒരുനൂറ്റി ഒൻപതു ലിറ്റർ (1,16,68,109ലിറ്റർ) ചാരായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) മുൻകൊല്ലങ്ങളിലെ പോലെ തന്നെ ടെൻറർ വിളിച്ച് മേൽ നടപടി സ്വീകരിക്കുന്നതാണ്. 1979-80 സാമ്പത്തിക വർഷത്തേക്ക് സ്റ്റോറിൽ ചാരായ വിതരണത്തിന് ടെൻറർ വിളിച്ചതനുസരിച്ച് പലരും ടെൻറർ സമർപ്പിച്ചിട്ടുണ്ട്. ഇവ ഗവൺമെൻറ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി,ഡി) ഈ വർഷത്തെ ചാരായ വിതരണം സംബന്ധിച്ച് ഗവൺമെൻറ് ഇതുവരെ തീരുമാനമൊന്നുമെടുത്തിട്ടില്ല. ചാരായ വിതരണത്തിൽനിന്നും ഗവൺമെൻറിനു നേരിട്ടു ലാഭമോ നഷ്ടമോ ഉണ്ടാകുന്ന പ്രശ്നമില്ല. ഷാപ്പുടമകൾക്ക് കഴിയുന്നത്ര കുറഞ്ഞ വിലക്ക് മുടങ്ങാതെ ചാരായം നൽകേണ്ട ഉത്തരവാദിത്വം, ചാരായ ഷോപ്പുകൾ ലേലം ചെയ്തു കൊടുക്കുകയും ലേലത്തുക പിരിക്കുകയും ചെയ്യുന്ന ഗവൺമെൻറിനുണ്ട്. അതു നിറവേറ്റുന്നതിന്നു വേണ്ടിയാണ് ടെൻഡറിൻെറ അടിസ്ഥാനത്തിൽ ചാരായവിതരണാവകാശം നൽകുന്നത്. പത്രത്തിൽ വന്ന വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പത്രത്തിൽ കണ്ട പരാതികൾ പലതും വസ്തുതാപരമായിത്തന്നെ തെറ്റാണ്.

നഷ്ടത്തിൽ നടക്കുന്ന ട്രാൻസ്പോർട്ടു സർവ്വീസുകൾ

*281 [297] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ സർവ്വീസ് നടത്തുന്ന ട്രാൻസ്പോർട്ടു സർവ്വീസുകളുടെ പ്രശ്നങ്ങളും, പരിഹാരങ്ങളും സ്ഥലം എം. എൽ. എ. അടങ്ങുന്ന ജില്ലാ വികസന സമിതിയുടെ ചർച്ചക്കു വിധേയമാക്കി പരിഹാരം കണ്ടെത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(ബി) നഷ്ടത്തിൽ നടക്കുന്ന സർവ്വീസ് വേണ്ടുന്ന മാറ്റങ്ങൾ വരുത്താതെ നിറുത്തലാക്കുന്ന സമ്പ്രദായം പുന:പരിശോധിക്കുമോ;

(സി) ട്രാൻസ്പോർട്ടു ബസ്സിൻെറ റണ്ണിംഗ് സമയത്തിന് എത്രമിനിട്ടു മുമ്പു വരെ മറ്റു സ്വകാര്യ ബസ്സുകൾക്ക് സമയമനുവദിക്കാമെന്നതിന് തീരുമാനമെടുക്കുമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ കെ. നാരായണക്കുറുപ്പ്):

(എ) ജില്ലാ വികസന സമിതിയുടെ അഭിപ്രായങ്ങൾ പരിഗണനയിലെടുക്കുന്ന സംവിധാനം നിലവിലുണ്ട്.

(ബി) നഷ്ടമാണെന്നുള്ള ഏക പരിഗണനയിൽ മാത്രം സർവ്വീസുകൾ നിറുത്തലാക്കാറില്ല. വിദ്യാർത്ഥികൾക്കുള്ള സർവ്വീസുകൾ, മെയിൻ സർവ്വീസുകൾ, ന്യൂസ് പേപ്പർ കൊണ്ടുപോകാൻ വേണ്ടിയുള്ള സർവീസുകൾ ഒറ്റപ്പെട്ട സർവ്വീസുകൾ എന്നിവയുടെ കാര്യത്തിൽ ലാഭനഷ്ടങ്ങൾ പരിഗണിക്കാറില്ല.

(സി) ട്രാൻസ്പോർട്ടു ബസ്സിനും സ്വകാര്യ ബസ്സിനും ഒരേ സമയം അനുവദിക്കാറില്ല. സ്വകാര്യ ബസ്സുകളുടെ തൊട്ടുപുറകിൽ ട്രാൻസ്പോർട്ടു ബസ്സുകൾ ഓടിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

സ്റേറേറ്റ് ട്രാൻസ്പോർട്ട് അഡ്വൈസറി കമ്മിറ്റി

*282 [298] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റേറേറ്റ് ട്രാൻസ്പോർട്ട് അഡ്വൈസറി കമ്മറ്റിയിൽ എത്ര അനൗദ്യോഗിക അംഗങ്ങൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly